©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026)

## ഒന്നാമത് റിപ്പോർട്ട്

(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026)

## ഒന്നാമത് റിപ്പോർട്ട്

(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത്)

114/2024.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 3 |

## സമിതിയുടെ ഘടന

<u>ചെയർമാൻ</u>:

ശ്രീ. എ. എൻ. ഷംസീർ, സ്പീക്കർ.

<u>അംഗങ്ങൾ</u>:

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. മുഹമ്മദ് മുഹസിൻ
4. ശ്രീ. വി. കെ. പ്രശാന്ത്
5. ശ്രീ. കെ. ഡി. പ്രസേനൻ
6. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
7. ശ്രീ. പി. ടി. എ. റഹീം
8. ശ്രീ. കെ. കെ. രാമചന്ദ്രൻ
9. ശ്രീ. ജി. സ്റ്റീഫൻ
10. ശ്രീ. കെ. വി. സുമേഷ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്
2. ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

ഒന്നാം കേരള നിയമസഭ 1957-ൽ രൂപീകൃതമായപ്പോൾ സഭാ നടപടികൾ നിർവ്വഹിച്ചിരുന്നത് തിരു-കൊച്ചി നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. തുടർന്ന് കേരള നിയമസഭയുടെ നടത്തിപ്പും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളായി പരിണമിച്ച പ്രസ്തുത ചട്ടങ്ങൾ നിരവധി തവണ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുള്ളതായി കാണാവുന്നതാണ്. എന്നാൽ നാലാം കേരള നിയമസഭ (1970-1977)-യുടെ കാലത്താണ് ചട്ടങ്ങളിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിയത്. തുടർന്ന് സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് അഞ്ചാം കേരള നിയമസഭ (1977-1980)-യുടെ കാലത്തും സഭാ ചട്ടങ്ങൾ സമഗ്രമായ മാറ്റങ്ങൾക്ക് വിധേയമായി. പന്ത്രണ്ടാം കേരള നിയമസഭ (2006-2011)-യുടെ കാലത്ത് രൂപീകരിക്കപ്പെട്ട അഡ്ഹോക് സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിലും നിരവധി ഭേദഗതികൾ അന്നത്തെ ചട്ടങ്ങൾ സംബന്ധിച്ച സമിതി ശിപാർശ ചെയ്ത് നടപ്പിൽ വരുത്തിയിരുന്നു.

2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പതിനഞ്ചാം കേരള നിയമസഭയുടെ പ്രാരംഭത്തിൽ ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ഒരു പതിനഞ്ചംഗ അഡ്ഹോക് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത അഡ്ഹോക് കമ്മിറ്റി നടത്തിയ വിശദമായ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സഭയിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിലെ ശിപാർശകൾ ചട്ടങ്ങൾ സംബന്ധിച്ച സമിതി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതാണ് ഈ റിപ്പോർട്ട്.

3. പതിനഞ്ചാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതി (2021-2023) 2021 ജൂൺ മാസം 16-ാം തീയതിയാണ് രൂപീകരിക്കപ്പെട്ടത്. പ്രസ്തുത സമിതിയും 2023 ഡിസംബർ മാസം 14-ാം തീയതി പുനഃസംഘടിപ്പിക്കപ്പെട്ട സമിതിയും 2023 ഡിസംബർ 11, 28, 2024 ജനുവരി 9 എന്നീ തീയതികളിൽ യോഗം ചേർന്ന് അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സഭാ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾക്ക് അംഗീകാരം നൽകുകയുമുണ്ടായി. ചട്ടങ്ങൾ സംബന്ധിച്ച സമിതി അംഗീകരിച്ച ഭേദഗതികൾ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. സമിതി നിർദ്ദേശിച്ചിട്ടുള്ള പ്രസ്തുത ഭേദഗതികൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരിക രേഖയായി പരിഗണിക്കപ്പെടുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് ഒരു ഉദ്യോഗസ്ഥതല വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ അവശ്യം വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് അഡ്ഹോക് കമ്മിറ്റി നൽകിയിട്ടുള്ള ശിപാർശകൾ വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ട ചുമതലയും മേൽപ്പറഞ്ഞ വിദഗ്ദ്ധ സമിതിയെ ഏൽപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. സർക്കാർ നടപടികളിന്മേലുള്ള സൂക്ഷ്മപരിശോധനയും മേൽനോട്ടവും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിലേക്കായി കേരള നിയമസഭയിൽ നിലവിലുള്ള സമിതികൾക്കു പുറമേ പുതിയതായി രണ്ട് നിയമസഭാ സമിതികൾ കൂടി രൂപീകരിക്കുന്നത് സംബന്ധിച്ചും മറ്റനുബന്ധകാര്യങ്ങളെ സംബന്ധിച്ചും അഡ്ഹോക് കമ്മിറ്റി നടത്തിയിട്ടുള്ള ശിപാർശകൾ കൂടുതൽ വിശദമായി പരിശോധിച്ചതിനുശേഷം അതിൻമേൽ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നതായിരിക്കും ഉചിതമെന്ന് വിലയിരുത്തിയ സമിതി അപ്രകാരം ചെയ്യാൻ തീരുമാനിച്ചു.

ഈ റിപ്പോർട്ട് സമിതിയുടെ 17-1-2024-ൽ ചേർന്ന യോഗം അംഗീകരിച്ചു.

**എ. എൻ. ഷംസീർ,**

തിരുവനന്തപുരം,
17-1-2024.

*സ്പീക്കർ ആന്റ് എക്സ് ഒഫീഷ്യോ ചെയർമാൻ,*
*ചട്ടങ്ങൾ സംബന്ധിച്ച സമിതി.*

ANNEXURE

AMENDMENTS TO THE RULES OF PROCEDURE AND CONDUCT OF BUSINESS IN THE KERALA LEGISLATIVE ASSEMBLY AS RECOMMENDED BY THE RULES COMMITTEE

1. *Amendment of rule 2.*

For the definition “Online”, the following shall be substituted, namely:—

“ “Online” means the mode of submitting or retrieving notices, information and documents from anywhere, at any time specified by Legislature Secretariat or Kerala Legislative Assembly using the login credentials through the digital platforms provided by the Kerala Legislative Assembly; ”.

2. *Amendment of rule 9.*

For rule 9 and its marginal heading the following rule and marginal heading shall be substituted, namely:—

“ Panel of Chairpersons

9. At the commencement of every session of the Assembly, the Speaker shall nominate from amongst the members of the Assembly a panel of not more than three Chairpersons, anyone of whom may preside over the Assembly in the absence of the Speaker and the Deputy Speaker and in such circumstances as may be directed by the Speaker or, in his absence, by the Deputy Speaker.”.

3. *Amendment of rule 24.*

For the proviso, the following proviso shall be substituted, namely:—

“Provided that, notwithstanding anything contained in rules 21 and 22 any such business which is scheduled for continuation of discussion on that day shall be set down for the next day allotted to business of that class, and shall have precedence over all other business set down for that day.”.

4. *Insertion of new rule 33 A.*

After rule 33, the following new rule shall be inserted, namely:—

"33A. Answers to all starred questions shall be uploaded on e-niyamasabha portal at 8.30 a.m. on alloted days and shall be deemed to have been placed in the Assembly on the expiry of question hour.".

5. *Amendment of rule 36.*

In sub-rule (2), for item (m) the following shall be substituted, namely:—

"(m) it shall not repeat in substance questions already answered or to which an answer has been refused in the current session;".

6. *Amendment of rule 65.*

For sub-rule (1), the following sub-rule shall be substituted, namely:—

"(1) A member wishing to give notice of a resolution under clause (c) of article 179 of the Constitution for the removal of the Speaker or the Deputy Speaker shall do so in writing or online to the Secretary and shall furnish the full text of such resolution.".

7. *Amendment of rule 98.*

For rule 98, the following rule shall be substituted, namely:—

"98. After a Bill is passed by the Assembly, the Speaker shall sign a certificate at the foot of the Bill in the following form :—

This Bill was passed by the Legislative Assembly of the State of Kerala on the ........ day of ................................. 20...

Speaker.".

8. *Amendment of rule 118.*

For rule 118 and its marginal heading the following rule and marginal heading shall be substituted, namely:—

"<u>Government Resolution</u>

118. Subject to the provisions of these Rules, a Minister may move a resolution relating to a matter of general public interest.".

9. *Amendment of rule 123.*

In sub-rule (1), for the words "an amendment" the word "amendments" shall be substituted.

10. *Amendment of rule 184.*

For the word "Chairman" the word "Chairperson" shall be substituted wherever it occurs in the Rules including rule 184 and its marginal heading.

11. *Amendment of rule 191.*

For rule 191, the following shall be substituted, namely:—

"191. The sitting of a Committee shall be held in private. The members and witnesses shall be permitted to attend the meeting through video conferencing on special occasions:

Provided that if the meeting is in video conference mode, the matter shall be communicated to the members and other participants well in advance and no strangers shall be allowed to attend or participate in the video conferencing without the formal permission of the Chairperson of the Committee.".

12. *Amendment of rule 193.*

The existing provision shall be numbered as sub-rule (1) and after sub-rule (1) so numbered, the following shall be inserted as sub-rule(2), namely:—

"(2) When a member or an official is attending a meeting through video conferencing, the member or the official shall strictly ensure the confidentiality of the meeting.".

13. *Insertion of new rule 200A.*

After rule 200, the following new rule and its marginal heading shall be inserted, namely:—

"<u>Statement of action taken to be furnished within two months</u>

200A. The Statement of action taken by the Government on the petition/representation received from a Legislature Committee shall be furnished

by the officer or department head concerned to the Committee either within two months from the date of receipt or within the time limit specified by the Committee, as the case may be.”.

14. *Amendment of rule 201.*

The existing provision shall be numbered as sub-rule (1) and after sub-rule (1) so numbered, the following shall be inserted as sub-rule (2) namely:—

“(2)Every Legislature Committee shall present its annual performance report of each calendar year to the Assembly within six months of the succeeding year.”.

15. *Amendment of rule 233.*

In the proviso to sub-rule(2), the following shall be added at the end, namely:—

“In cases where a Minister is not an ex-officio member of a particular Subject Committee in which subjects under his portfolio are considered, he shall be invited to that particular meeting of that Subject Committee as a special invitee.”.

16. *Insertion of new Rule 235 B.*

After rule 235A, the following new rule shall be inserted, namely:—

“<u>Government officers competent to attend the meetings</u>

235B. Government Secretaries of and above the rank of Deputy Secretaries, Commissioners, Heads of Departments, Managing Directors in the case of Board and Corporation only shall attend the meeting of the Subject Committees. Other officials can attend the meeting only with the permission of the Committee or if consider necessary by the Committee.”.

17. *Amendment of rule 238.*

(i) In the second proviso to clause (b) of sub-rule (1), after the words “transmitted within 30 days to the appropriate Subject Committee” the words “for examination” shall be inserted.

(ii) After sub-rule (2) the following shall be inserted as sub-rule (3), namely:—

"(3) The recommendations of the Subject Committee after the scrutiny of draft rules or the examination of the rules notified in exigencies as provided under sub-rule (1) shall be considered by the Government at the earliest. The final notification of the rules on the basis of recommendation of the Subject Committee shall be made by the Government within thirty days of the receipt of the recommendation from the Committee and the fact shall be intimated to the Committee. If any of the recommendations could not be accepted by the Government, the reason thereof shall also be intimated to the Subject Committee within thirty days of the notification. ".

(iii) In the explanation, after the words "the First Statutes to be framed by the Government" the words "or other statutory authority" shall be inserted.

18. *Amendment of rule 261H.*

In rule 261H, after the words "elected by the Assembly" the words "for a period of thirty months" shall be inserted.

19. *Amendment of rule 265.*

(i) In sub-rule (1), after the figure and letters "3 p.m." the word, figure and letters "or through online till 3 p.m." shall be inserted.

(ii) In sub-rule (2), after the word, figure and letters "after 3 p.m" the words, figure and letters "or through online till 3 p.m." shall be inserted.

20. *Amendment to the marginal heading of rule 266.*

In the marginal heading of the rule 266, for the words "Restriction on " the words "Prohibition of advance " shall be substituted.

21. *Amendment to marginal heading of rule 281.*

In the marginal heading of the rule 281, the words " while present " shall be omitted.

22. *Amendment to marginal heading of rule 297.*

The marginal heading of the rule 297 shall be substituted, namely:—

"Document containing advice or opinion disclosed to be laid"

23. *Amendment to the marginal heading of rule 302.*

In the marginal heading of the rule 302, the words "and to suspend the sitting" shall be added at the end.

24. *Amendment to rule 312.*

In rule 312, the words "and of its Committees" shall be omitted.

25. *Amendment to rule 313.*

In the rule 313, the words "or for a specific period" shall be added at the end.

26. *Amendment of Fourth Schedule.*

In the List of Public Undertaking, under the category F. Co-operative societies, serial number 135 shall be omitted.